# ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറലുമായുള്ള പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

ഡിസംബർ 01, 2023

2023 ഡിസംബർ 1-ന് ദുബായിൽ നടന്ന COP 28 ഉച്ചകോടിയുടെ ഭാഗമായി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി യുഎൻ സെക്രട്ടറി ജനറൽ (UNSG) എച്ച്.ഇ. ശ്രീ അന്റോണിയോ ഗുട്ടെറസിനെ കണ്ടു.

ഇന്ത്യയുടെ ജി20 പ്രസിഡൻസി കാലത്ത് യു.എൻ.എസ്.ജി. നൽകിയ പിന്തുണയ്ക്ക് പ്രധാനമന്ത്രി നന്ദി പറഞ്ഞു. കാലാവസ്ഥാ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലെ ഇന്ത്യയുടെ സംരംഭങ്ങളും പുരോഗതിയും അദ്ദേഹം എടുത്തുപറഞ്ഞു.

കാലാവസ്ഥാ പ്രവർത്തനം, കാലാവസ്ഥാ ധനകാര്യം, സാങ്കേതികവിദ്യ, യുഎൻ ഉൾപ്പെടെയുള്ള ബഹുമുഖ ഭരണത്തിന്റെയും ധനകാര്യ സ്ഥാപനങ്ങളുടെയും പരിഷ്കരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ആഗോള സൗത്തിന്റെ മുൻഗണനകളെയും ആശങ്കകളെയും കുറിച്ച് ഇരു നേതാക്കളും വീക്ഷണങ്ങൾ കൈമാറി.

ജി 20 പ്രസിഡൻസിക്ക് കീഴിലുള്ള സുസ്ഥിര വികസനം, കാലാവസ്ഥാ പ്രവർത്തനം, എംഡിബി പരിഷ്കാരങ്ങൾ, ദുരന്തനിവാരണം എന്നീ മേഖലകളിലെ ഇന്ത്യയുടെ ശ്രമങ്ങളെ യുഎൻ സെക്രട്ടറി ജനറൽ അഭിനന്ദിച്ചു. പ്രധാനമന്ത്രിയുടെ ഗ്രീൻ ക്രെഡിറ്റ് സംരംഭത്തെ അദ്ദേഹം സ്വാഗതം ചെയ്തു. 2024ലെ യുഎൻ ഉച്ചകോടിയിൽ ഇന്ത്യയുടെ പ്രസിഡൻസിയുടെ നേട്ടങ്ങൾ പടുത്തുയർത്താൻ ഇന്ത്യയുമായി ചേർന്ന് പ്രവർത്തിക്കുമെന്ന് അദ്ദേഹം ഉറപ്പിച്ചു.

**ദുബായ്**
**ഡിസംബർ 01, 2023**